# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2981** **10.03.2017-ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ നടപടി</u>**

| <u>**ചോദ്യം**</u><br>**ശ്രീ. കെ. ബാബു** | <u>**മറുപടി**</u><br>**ശ്രീ. ജി. സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി മിന്നൽ പരിശോധനകളുടെ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വിജിലൻസ് വകുപ്പിന്റെയും ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അഴിമതി കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 പേരെ സ്ഥലം മാറ്റുകയും 9 പേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം 57 ഓളം ഉദ്യോഗസ്ഥർക്കെതിരെ ഇതര നടപടി എടുത്തിട്ടുണ്ട്. നടപടി എടുത്തവരിൽ ചീഫ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ, ആഫീസ് ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ